"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E7-23957/2023/PrHQ ; തീയതി : 21-08-2023

31/07/2023 തീയതിയിലെ എ.ആർ13-1/73-2023-പി&എആർഡി. നമ്പർ സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1)എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും**
2)ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

BY FAX MESSAGE

150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

നം.എ.ആർ13-1/73/2023-പി&എആർഡി

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(എ.ആർ.13) വകുപ്പ്
തീയതി.31.07.2023

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് - കൈപ്പറ്റ് രസീത് ഇ-മെയിലായി അയയ്ക്കുവാനുള്ള സംവിധാനം വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: - 1. 24.02.2023 - ലെ ഐ.റ്റി. സെൽ -2/40/2023/ഐ.റ്റി.ഡി നമ്പർ സർക്കുലർ.
2. ശ്രീ.എം.വി . ശില്പാരാജ് നൽകിയ 12.07.2023-ലെ അപേക്ഷ.

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ ഇ-ഓഫീസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഇ-മെയിൽ ഐ.ഡി ലഭ്യമാണെങ്കിൽ പരാതിക്കാരന് കൈപ്പറ്റ് രസീത് ഇ-മെയിലായി അയയ്ക്കുവാനുള്ള സംവിധാനം എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് സൂചനയിലെ സർക്കുലറിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും മിക്ക ഓഫീസുകളും സർക്കാർ വകുപ്പുകളും ടി നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. ആയതു കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ വകുപ്പുമേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

ഷൈനു.വി
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൽ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
✓എല്ലാ വകുപ്പുതലവൻമാർക്കും
കരുതൽ ഫയർ/ ഓഫീസ് കോപ്പി.

I/5625325/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**നമ്പർ.ഐറ്റി സെൽ-2/40/2023-വി.സാ.വ.**
വിവര സാങ്കേതിക വിദ്യാ (ഐറ്റി-സെൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-02-2023

## സർക്കുലർ

വിഷയം:- വിവര സാങ്കേതിക വിദ്യാ വകുപ്പ് – പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് **(Acknowledgement)** നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഇ-ഓഫീസിൽ ലഭ്യമാണ്. വകുപ്പുകളിൽ ലഭിക്കുന്ന നിവേദനങ്ങൾ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലൂടെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് **'Receipt creation'** മോഡ്യൂളിൽ അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള വിവിധ ഫീൽഡുകളിൽ ഇ-മെയിൽ ഐ.ഡി. കൂടി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആയതുവഴി അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി. കൂടി രേഖപ്പെടുത്തി, ടി പേജിൽ അവസാനമായി ഉൾപ്പെടുത്തിയിട്ടുള്ള **Personalize Acknowledgement** എന്ന ചെക്ക് ബോക്സിൽ ടിക് ചെയ്തശേഷം ജനറേറ്റ് ബട്ടണിൽ ക്ലിക് ചെയ്യുമ്പോൾ അപേക്ഷകന്റെ നിവേദനം സർക്കാരിൽ സ്വീകരിച്ചതായുള്ള രസീത് ടിയാന് ഇ-മെയിലിൽ വഴി ലഭ്യമാകുന്നതാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ സർക്കാർ ഓഫീസുകളിൽ പൊതുവായി ഉപയോഗിച്ചുവരുന്നതായി കാണുന്നില്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നപക്ഷം അപേക്ഷകന് ലഭിക്കുന്ന രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന നമ്പർ **(Receipt Number)** ഉപയോഗിച്ച് **https://eoffice.kerala.gov.in** എന്ന പോർട്ടലിലൂടെ അപേക്ഷകന് തന്റെ നിവേദനത്തിന്റെ നിലവിലെ സ്ഥിതി ഓൺലൈനായി അറിയാൻ സാധിക്കും.

മേൽ സാഹചര്യത്തിൽ, പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പരാതിക്കാരന്റെ ഇ-മെയിൽ ഐ.ഡി. ലഭ്യമാണെങ്കിൽ ആയത് ഇ-ഓഫീസിലെ **'Receipt Creation'** മോഡ്യൂളിൽ രേഖപ്പെടുത്തി **'Personalize Acknowledgement'** എന്ന ഓപ്ഷൻ നിർബന്ധമായും തെരഞ്ഞെടുത്ത് മാത്രം പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കുന്നു എന്ന് എല്ലാ വകുപ്പു തലവന്മാരും ഉറപ്പ് വരുത്തേണ്ടതാണ്.

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Rajesh G S
Date: 27-02-2023 10:45:52
സെക്ഷൻ ഓഫീസർ.

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും
എല്ലാ വകുപ്പു മേധാവികൾക്കും
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

2/2